പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6911. 13-07-2012 - ൽ മറുപടിയ്ക്ക്

## ജലാശയങ്ങളുടെ സംരക്ഷണത്തിന് മൈനർ ഇറിഗേഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി. | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുളങ്ങൾ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി മൈനർ ഇറിഗേഷനിൽ എന്തെങ്കിലും പദ്ധതികളുണ്ടോ ; | (എ) കുളങ്ങളുടെ സംരക്ഷണത്തിനായി റിനവേഷൻ ഓഫ് പോണ്ട്സ് ആന്റ് ടാങ്ക്സ് (കുളങ്ങളുടെയും ടാങ്കുകളുടെയും പുനരുദ്ധാരണം) എന്ന പദ്ധതി നിലവിലുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിലും കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഇല്ല. |
| (ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ നിന്ന് ഇത് സംബന്ധിച്ച എന്തെങ്കിലും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) 'കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലുകുടിക്കുളം, ആലുങ്കൽ കുളം എന്നിവയുടെ നവീകരണത്തിനായുള്ള പ്രൊപ്പോസൽ വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.<br><br>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്താനായി കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ എട്ട് കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ 'വരിയത്ത് കുളം' ഒന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കീഴിൽ വാഴയൂർക്കയം കുളം, കോയിത്തോട്ടുകുളം, പള്ളിയാലിക്കുളം എന്നിവയുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇവയുടെ സംരക്ഷണത്തിന് രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) യിൽ ഉൾപ്പെടുത്തി പദ്ധതികളാവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ഉചിതമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുകയാണെങ്കിൽ ആർ.കെ.വി.വൈയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**